നാവായിക്കുളം പഞ്ചായത്തിൽ വിവിധ പദ്ധതികൾപ്രകാരം മൊത്തം എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൻപ്രകാരം അവിടെ എത്രപേർക്ക് പ്രയോജനം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

		രൂപ
(എ)	വിദേശത്ത് ജോലി സമ്പാദിക്കുന്നതിനുള്ള വായ്പാ പദ്ധതിപ്രകാരം	30,000
	ചെറുകിട കച്ചവടത്തിനുള്ള വായ്പാ പദ്ധതി പ്രകാരം	5,000
	മാർജിൻമണി പദ്ധതിപ്രകാരം	49,673
	ഭവന നിർമ്മാണ പദ്ധതിപ്രകാരം	51,084
	ആകെ	1,35,757
(ബി)	വിദേശത്ത് ജോലി സമ്പാദിക്കുന്നതിനുള്ള വായ്പാ പദ്ധതി	3
	ചെറുകിട കച്ചവടത്തിനുള്ള വായ്പാ പദ്ധതി	1
	മാർജിൻമണി പദ്ധതി	30
	ഭവന നിർമ്മാണ പദ്ധതി	13
	ആകെ	47

പട്ടികജാതി വികസന കോർപ്പറേഷൻ മടവൂർ പഞ്ചായത്തിൽ ചെലവഴിച്ച തുക

1120. [1695] ശ്രീമതി മോർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ നിയോജക മണ്ഡലത്തിൽ മടവൂർ പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി മൊത്തം എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അതിൻപ്രകാരം എത്രപേർക്ക് പ്രയോജനം കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)	കൃഷിഭൂമി വായ്പാ പദ്ധതി	27,000
	ചെറുകിട വ്യവസായം ആരംഭിക്കുന്നതിന് വായ്പ പദ്ധതി	5,000
	മാർജിൻമണി	12,861
	ഭവന നിർമ്മാണ പദ്ധതി	1,13.500
	ആകെ	1,58.361
(ബി)	കൃഷിഭൂമി വായ്പാ പദ്ധതി	2
	ചെറുകിട വ്യവസായം ആരംഭിക്കുന്നതിന് വായ്പാ പദ്ധതി	1
	മാർജിൻമണി	19
	ഭവന നിർമ്മാണ പദ്ധതി	24
	ആകെ	46

LIBRARY ARCHIVES Kerala Legislative Assembly